(സി) പ്രവാസികൾക്ക് സ്വന്തം മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കാനാവശ്യമായ അപേക്ഷകളും രേഖകളും നോർക്ക റൂട്ട്സ് മുഖേന സമർപ്പിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പ്രവാസികളായ ഇന്ത്യാക്കാർക്ക് വോട്ടവകാശം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് 1950-ലെ ജനപ്രാതിനിധ്യ നിയമം സെക്ഷൻ 20 എ ഭേദഗതി വരുത്തി നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പിൽ വരുത്തുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ 678/ഇഎൽ2/2011/ഇഎൽഇസി, തീയതി 18-2-2011 പ്രകാരം കേരളത്തിൽ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്നവർ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനായി അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ടോ തപാൽ മുഖേനയോ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ഫോറം 6 എ-യിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തപാൽ മുഖേന അയക്കുന്നവർ അപേക്ഷയോടൊപ്പം എംബസി സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ടിന്റെയും വിസയുടേയും പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. നേരിട്ട് സമർപ്പിക്കുന്നവർ അപേക്ഷ സമർപ്പിക്കുമ്പോൾ അസ്സൽ പാസ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ചീഫ് ഇലക്ടറൽ ഓഫീസറുടെ വെബ്സൈറ്റിൽ ലഭ്യമാണ്. (ceo.kerala.gov.in)

(സി) 1950-ലെ ജനപ്രാതിനിധ്യ നിയമവും (കേന്ദ്രനിയമം) അതനുസരിച്ചുള്ള ചട്ടങ്ങളും പ്രകാരമാണ് വോട്ടർപട്ടികയിൽ പേര് ചേർക്കുന്നത്. അതിനാൽ ഈ നിർദ്ദേശം പരിഗണിക്കുന്നതിന് കേന്ദ്രനിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു ഭേദഗതി നിർദ്ദേശം ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലില്ല.

വിദേശത്ത് നഴ്സിംഗ് ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയെടുത്തവർക്കെതിരെ നടപടി

35 (2511) ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് നഴ്സിംഗ് ജോലി വാഗ്ദാനം ചെയ്ത് ഉദ്യോഗാർത്ഥികളുടെ 40 കോടി രൂപ തട്ടിയെടുത്ത എറണാകുളം പോണേക്കരയിലെ ജിസ ഇന്റർനാഷണൽ മോർ കൺസൾട്ടൻസി സർവ്വീസ് എന്ന സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉടമ ഗിൽബർട്ട്, ഭാര്യ സാധന എന്നിവർക്കെതിരെ ഹൈക്കോടതി ഉത്തരവിട്ട സി.ബി.ഐ. അന്വേഷണം നടക്കുന്നുണ്ടോ ;

(സി) സംസ്ഥാന സർക്കാരോ പ്രവാസികാര്യ വകുപ്പോ പ്രസ്തുത സ്ഥാപനത്തിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പണം നൽകി കബളിപ്പിക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തുക തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജിസ ഇന്റർനാഷണൽ പോർ കൺസൾട്ടൻസി സർവ്വീസ് എന്ന സ്ഥാപനത്തിൽ ജോലിക്ക് പണം നൽകിയവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ കളമശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം 202/09 തീയതി 1-2-2009 യു/എസ് 420 & 34, ക്രൈം 223/09 തീയതി 8-2-2009 യു/എസ് 420 & 34 ഐ.പി.സി., ക്രൈം 339/09 തീയതി 1-3-2009 യു/എസ് 420 & 34 ഐ.പി.സി., ക്രൈം 348/09 തീയതി 4-3-2009 യു/എസ് 420 & 34 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതും, അന്വേഷണ മദ്ധ്യേ ആലുവ ജൂഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-2 മുമ്പാകെ കീഴടങ്ങിയ പ്രതികളെ ചോദ്യം ചെയ്തിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ട് ഈ കേസിലെ പരാതിക്കാർ ചേർന്ന് രൂപീകരിച്ച ജിസ ആക്ഷൻ കൗൺസിൽ ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഡബ്ല്യു.പി.സി 10573/09-ൽ കളമശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മേൽ നമ്പർ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറുന്നതിന് ബഹു. കേരള സർക്കാരിന് തടസ്സമില്ലെന്ന് അറിയിക്കുകയും ബഹു. കോടതി ഗവൺമെന്റ് തീരുമാനം രേഖപ്പെടുത്തി മേൽ നമ്പർ ഡബ്ല്യു.പി.സി തീർപ്പാക്കിയിട്ടുള്ളതുമാണ്. ഇതിനെ തുടർന്ന് ബഹു. കേരള സർക്കാർ ടി കേസുകൾ സി.ബി.ഐ.-ക്ക് കൈമാറുന്നതിന് ജി.ഒ. (എംഎസ്.) നമ്പർ 94/2010/പോം തീയതി 23-4-2010 പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

(ബി) നാളിതുവരെ സി.ബി.ഐ. ടി കേസുകൾ ഏറ്റെടുത്തിട്ടില്ല.

(സി) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകുകയും തുടർന്ന് ഹൈക്കോടതി നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനത്തിനെതിരെ സി.ബി.ഐ. അന്വേഷണം ഉത്തരവായിട്ടുമുണ്ട്.

(ഡി) പ്രതികൾ ചെയ്തതായി ആരോപിക്കുന്ന കുറ്റങ്ങളുടെ പേരിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വിദേശത്തുവച്ച് അപകടമരണമടയുന്നവരുടെ ആശ്രിതർക്ക് സഹായം

36 (2512) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്തുവച്ച് അപകട മരണമടയുന്നവരുടെ ആശ്രിതർക്ക് എന്ത് സഹായങ്ങളാണ് നൽകിവരുന്നത് ;

(ബി) അപകടമരണത്തിൽപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം എത്രയാണെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly